# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ആഗസ്റ്റ് 11 ചൊവ്വ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**


<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 2

## ജില്ലയിൽ 32 പേർക്ക് കൂടി കോവിഡ്; 68 പേർക്ക് രോഗമുക്തി

ജില്ലയിൽ 32 പേർക്ക് കൂടി കോവിഡ് സ്ഥിരീകരിച്ചു. 68 പേർ രോഗമുക്തരായി. ജില്ലയിൽ രോഗബാധിതരായി ചികിത്സയിൽ കഴിയുന്നവരുടെ എണ്ണം 477 ആണ്. തൃശൂർ സ്വദേശികളായ 10 പേർ മറ്റു ജില്ലകളിൽ ചികിത്സയിൽ കഴിയുന്നു. ഇതുവരെ രോഗം സ്ഥിരീകരിച്ചവരുടെ എണ്ണം 2101 ആയി. ഇതുവരെ രോഗമുക്തരായവരുടെ എണ്ണം 1606 ആണ്.

ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 28 പേർക്ക് സമ്പർക്കം വഴിയാണ് രോഗബാധ. ശക്തൻ ക്ലസ്റ്ററിൽ നിന്ന് 5 പേർക്കും പുത്തൻചിറ ക്ലസ്റ്ററിൽ നിന്ന് 3 പേർക്കും മിണാലൂർ, കെഎസ്ഇ ക്ലസ്റ്ററിൽ നിന്ന് ഓരോരുത്തർക്ക് വീതവും രോഗബാധയുണ്ടായി. കാട്ടാകാമ്പാൽ സ്വദേശിയായ ആരോഗ്യപ്രവർത്തകയ്ക്ക് (47) രോഗം സ്ഥിരീകരിച്ചു. മറ്റ് സമ്പർക്കം വഴി 15 പേർക്ക് രോഗബാധയുണ്ടായി. രോഗഉറവിടമറിയാത്ത 2 പേരും പോസിറ്റീവായി. ഷാർജയിൽ നിന്ന് തിരിച്ചെത്തിയ 2 പേരും ഇതരസംസ്ഥാനങ്ങളിൽ നിന്ന് തിരിച്ചെത്തിയ 2 പേരും രോഗം സ്ഥിരീകരിച്ചവരിലുൾപ്പെടുന്നു.

**രോഗം സ്ഥീരികരിച്ച് തൃശൂർ ഗവ. മെഡിക്കൽ കോളജിലും മറ്റ് ആശുപത്രികളിലും കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെൻറ് സെൻററുകളിലുമായി കഴിയുന്നവർ. ചൊവ്വാഴ്ചയിലെ കണക്ക്:**

ഗവ. മെഡിക്കൽ കോളേജ് തൃശ്ശൂർ - 57, സി.എഫ്.എൽ.ടി.സി ഇ.എസ്.ഐ -മുളങ്കുന്നത്തുകാവ് നെഞ്ചുരോഗാശുപത്രി- 27, എം. സി. സി. എച്ച്. മുളങ്കുന്നത്തുകാവ് -07, ജി. എച്ച് തൃശ്ശൂർ-14, കൊടുങ്ങലൂർ താലൂക്ക് ആശുപത്രി - 13, കില ബ്ലോക്ക് 1 തൃശ്ശൂർ-61, കില ബ്ലോക്ക് 2 തൃശ്ശൂർ- 63, വിദ്യ സി.എഫ്.എൽ.ടി.സി വേലൂർ-112, എം.എം.എം കോവിഡ് കെയർ സെന്റർ തൃശ്ശൂർ - 20, ചാവക്കാട് താലൂക്ക് ആശുപത്രി -9, ചാലക്കുടി താലൂക്ക് ആശുപത്രി -5, സി.എഫ്.എൽ.ടി.സി കൊരട്ടി - 28, കുന്നംകുളം താലൂക്ക് ആശുപത്രി -9, ജി.എച്ച് . ഇരിങ്ങാല ക്കുട - 13, ഡി.എച്ച്. വടക്കാഞ്ചേരി - 12, സെന്റ് ജെയിംസ് ചാലക്കുടി- 1, ഹോം ഐസോലേഷൻ - 4.

നിരീക്ഷണത്തിൽ കഴിയുന്ന 9708 പേരിൽ 9224 പേർ വീടുകളിലും 484 പേർ ആശുപത്രിക ളിലുമാണ്. കോവിഡ് സംശയിച്ച് 28 പേരേയാണ് ചൊവ്വാഴ്ച ആശുപത്രിയിൽ പുതിയതായി പ്രവേശിപ്പിച്ചിട്ടുള്ളത്. 645 പേരെ ചൊവ്വാഴ്ച നിരീക്ഷണത്തിൽ പുതിയതായി ചേർത്തു. 1919 പേരെ നിരീക്ഷണ കാലഘട്ടം അവസാനിച്ചതിനെ തുടർന്ന് നിരീക്ഷണ പട്ടികയിൽ നിന്നും ഒഴിവാക്കി.

ചൊവ്വാഴ്ച  1492 സാമ്പിളുകളാണ് പരിശോധനയ്ക്ക് അയച്ചത്. ഇതുവരെ ആകെ 49274 സാമ്പിളുകളാണ് പരിശോധനയ്ക്ക് അയച്ചിട്ടുള്ളത്. ഇതിൽ 48274 സാമ്പിളുകളുടെ പരിശോധന ഫലം വന്നിട്ടുണ്ട്. ഇനി 1000 സാമ്പിളുകളുടെ പരിശോധന ഫലം ലഭിക്കാനുണ്ട്. സെന്റിനൽ സർവ്വൈലൻസിന്റെ ഭാഗമായി 11254 പേരുടെ സാമ്പിളുകൾ ഇതുവരെ കൂടുതലായി പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്.

ചൊവ്വാഴ്ച  381 ഫോൺ വിളികളാണ് ജില്ലാ കൺട്രോൾ സെല്ലിലേക്ക് വന്നിട്ടുള്ളത്. 85 പേർക്ക് സൈക്കോ സോഷ്യൽ കൗൺസിലർമാർ വഴി കൗൺസിലിംഗ് നൽകി.

ചൊവ്വാഴ്ച  റെയിൽവേ സ്റ്റേഷനുകളിലും ബസ് സ്റ്റാൻഡുകളിലുമായി 335 പേരെ ആകെ സ്ക്രീനിംഗ്  ചെയ്തിട്ടുണ്ട്.

## ജില്ലയിലെ പോസിറ്റീവ് കേസുകൾ

1. സമ്പർക്കം-കാറളം - 43 പുരുഷൻ.
2. സമ്പർക്കം-തൃശ്ശൂർ കോർപ്പറേഷൻ - 45 പുരുഷൻ.
3. സമ്പർക്കം- -തൃശ്ശൂർ കോർപ്പറേഷൻ - 34 പുരുഷൻ.
4. സമ്പർക്കം- പടിയൂർ - 63 പുരുഷൻ.
5. സമ്പർക്കം-പടിയൂർ - 52 സ്ത്രീ.
6. സമ്പർക്കം-പടിയൂർ - 58 സ്ത്രീ.
7. സമ്പർക്കം-അവണ്ണിശ്ശേരി - 65 സ്ത്രീ.
8. സമ്പർക്കം- തൃശ്ശൂർ കോർപ്പറേഷൻ - 58 സ്ത്രീ.
9. സമ്പർക്കം-ഇരിങ്ങാലക്കുട - 7 ആൺകുട്ടി.
10. സമ്പർക്കം-ഇരിങ്ങാലക്കുട - 31 സ്ത്രീ.
11. സമ്പർക്കം-കൈപ്പമംഗലം - 5 പെൺകുട്ടി.
12. സമ്പർക്കം-കൈപ്പമംഗലം - 85 പുരുഷൻ.
13. സമ്പർക്കം-കൈപ്പമംഗലം - 42 പുരുഷൻ.
14. സമ്പർക്കം-കാറളം - 39 പുരുഷൻ.
15. സമ്പർക്കം-ഇരിങ്ങാലക്കുട - 32 പുരുഷൻ.
16. ആരോഗ്യ പ്രവർത്തക - കാട്ടാകാമ്പാൽ സ്വദേശി - 47 സ്ത്രീ.
17. കെ.എസ്.ഇ ക്ലസ്റ്റർ- ചേർപ്പ് - 67 സ്ത്രീ.
18. മിണാലൂർ ക്ലസ്റ്റർ- വടക്കാഞ്ചേരി - 37 പുരുഷൻ.
19. പുത്തൻച്ചിറ ക്ലസ്റ്റർ- പുത്തൻച്ചിറ - 70 സ്ത്രീ.
20. പുത്തൻച്ചിറ ക്ലസ്റ്റർ- പുത്തൻച്ചിറ - 56 സ്ത്രീ.
21. പുത്തൻച്ചിറ ക്ലസ്റ്റർ- പുത്തൻച്ചിറ - 24 സ്ത്രീ.
22. ശക്തൻ ക്ലസ്റ്റർ- പാറളം - 23 സ്ത്രീ.
23. ശക്തൻ ക്ലസ്റ്റർ- പാറളം - 32 പുരുഷൻ.
24. ശക്തൻ ക്ലസ്റ്റർ- പാറളം - 1 ആൺകുട്ടി.
25. ശക്തൻ ക്ലസ്റ്റർ- പാറളം - 58 സ്ത്രീ.
26. ശക്തൻ ക്ലസ്റ്റർ -തൃശ്ശൂർ കോർപ്പറേഷൻ - 41 പുരുഷൻ.
27. ഷാർജയിൽ നിന്ന് വന്ന മുരിയാട് സ്വദേശി - 35 പുരുഷൻ.
28. ഷാർജയിൽ നിന്ന് വന്ന വള്ളത്തോൾ നഗർ സ്വദേശി - 48 പുരുഷൻ.
29. തെലുങ്കാനയിൽ നിന്ന് വന്ന കൊടുങ്ങല്ലൂർ സ്വദേശി - 40 പുരുഷൻ.
30. ചെന്നൈയിൽ നിന്ന് വന്ന ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി സ്വദേശി - 44 പുരുഷൻ.
31. ഉറവിടമറിയാത്ത തൃശ്ശൂർ കോർപ്പറേഷൻ സ്വദേശി - 33 പുരുഷൻ.
32. ഉറവിടമറിയാത്ത രാമവർമ്മപുരം സ്വദേശി - 32 പുരുഷൻ.

## വടക്കാഞ്ചേരി നഗരസഭയിലെ 9 ഡിവിഷനുകൾ ക്രിട്ടിക്കൽ കണ്ടെയ്ൻമെൻറ് സോൺ

കോവിഡ് സമൂഹവ്യാപനം തടയുന്നതിനായി കണ്ടെയ്ൻമെൻറ് സോണായി പ്രഖ്യാപിച്ചിരുന്ന വടക്കാഞ്ചേരി നഗരസഭയിലെ 9 ഡിവിഷനുകൾ ആഗസ്റ്റ് 11 അർധരാത്രി മുതൽ ക്രിട്ടിക്കൽ

കണ്ടെയ്ൻമെൻറ് സോണാക്കി ജില്ലാ കളക്ടർ ഉത്തരവിട്ടു. 12, 15, 16, 18, 31, 33, 38, 39, 40 എന്നീ ഡിവിഷനുകളാണ് ക്രിട്ടിക്കൽ കണ്ടെയ്ൻമെൻറ് സോണാക്കിയത്. ഈ ഡിവിഷനുകളിൽ രോഗികളുടെ എണ്ണത്തിൽ ഗണ്യമായ വർധനവുണ്ടായ സാഹചര്യത്തിലാണ് നടപടി. പട്ടാമ്പി, മങ്കര, മിണാലൂർ എന്നീ ക്ലസ്റ്ററുകളിൽനിന്ന് സമ്പർക്ക കേസുകൾ റിപ്പോർട്ട് ചെയ്തത് വടക്കാഞ്ചേരിയിലായിരുന്നു.

ഈ ഡിവിഷനുകളിൽ എല്ലാ വാഹന നീക്കങ്ങളും തടയുമെന്ന് കളക്ടർ ഉത്തരവിൽ അറിയിച്ചു. മെഡിക്കൽ അത്യാഹിതം, മരണം, സ്റ്റേഷൻ ഹൗസ് ഓഫീസർമാരിൽനിന്ന് മുൻകൂർ അനുമതി ലഭിച്ച വിവാഹം എന്നീ അടിയന്തിര സാഹചര്യങ്ങളിലല്ലാതെയുള്ള യാത്രകൾ കർശനമായി നിരോധിച്ചു. പൊതുവാഹന ഗതാഗതം പൂർണ്ണമായും നിരോധിച്ചു. ദീർഘദൂര ബസുകൾക്ക് കടന്നുപോവാം. ഇവിടങ്ങളിൽനിന്ന് യാത്രക്കാരെ കയറ്റാനോ ഇറക്കാനോ പാടില്ല. പ്രായമായവർ, ഗർഭിണികൾ, കുട്ടികൾ എന്നിവർ ആശുപത്രി ആവശ്യത്തിനല്ലാതെ യാത്ര ചെയ്യുന്നത് അനുവദിക്കില്ല.

വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ രാവിലെ 10 മുതൽ വൈകീട്ട് അഞ്ച് വരെ മൂന്ന് ജീവനക്കാരെ വെച്ച് മാത്രമേ തുറക്കാവൂ. ജീവനക്കാർക്ക് മാസ്‌ക്, സാനിറ്റൈസർ എന്നിവ ഉറപ്പുവരുത്തണം. തുറന്നു പ്രവർത്തിക്കുന്ന കടകളിൽ ഉപഭോക്താക്കൾ സാമൂഹിക അകലം പാലിക്കണം. സാനിറ്റൈസറോ സോപ്പും വെള്ളവുമോ കരുതണം. കണ്ടെയ്ൻമെൻറ് സോണിൽ ഉൾപ്പെടാത്ത, വടക്കാഞ്ചേരി ടൗണിൽ പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങൾക്കും ഈ നിർദേശം ബാധകമാണ്. കോളനികളിൽ സാധനങ്ങൾ എത്തിക്കാൻ ആർ.ആർ.ടികൾ മുഖാന്തിരം സ്‌ക്വാഡുകൾ രൂപീകരിക്കണം.

മത്സ്യ, മാംസ മാർക്കറ്റ് പ്രവർത്തിക്കാൻ പാടില്ല. വീടുകളിൽ കയറിയിറങ്ങിയുള്ള കച്ചവടവും തട്ടുകട, വഴിയോര കച്ചവടവും നിരോധിച്ചു. പാൽ, പത്രം, മരുന്ന് വിതരണം നടത്താം.

തദ്ദേശ സ്വയംഭരണം, ആരോഗ്യം, റവന്യൂ, പോലീസ്, ട്രഷറി, കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി വകുപ്പുകളിൽ 50 ശതമാനത്തിൽ താഴെ ജീവനക്കാരെ വെച്ച് ജോലി ക്രമീകരിക്കുക. ഈ ഡിവിഷനുകളുടെ പരിധിയിലെ എല്ലാ കോടകളുടെയും പ്രവർത്തനം താൽക്കാലികമായി നിർത്തിവെക്കണം. ബാങ്ക്, ഇൻഷൂറൻസ് സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവ പ്രവർത്തിക്കരുത്.

ക്രിട്ടിക്കൽ കണ്ടെയ്ൻമെൻറ് സോണിൽ മൂന്ന് പേരിൽ കൂടുതൽ ഒരുമിച്ച് കൂടരുത്. വീടുകളിലും പൊതുസ്ഥലങ്ങളിലും ഒത്തുചേരൽ പൂർണ്ണമായും ഒഴിവാക്കണം. മുമ്പ് നിശ്ചയിച്ച വിവാഹങ്ങൾ സ്റ്റേഷൻ ഹൗസ് ഓഫീസറുടെ അനുമതിയോടെ പരമാവധി 20 പേരെ മാത്രം ഉൾപ്പെടുത്തി നടത്താം. മരണ വീടുകളിൽ 10 പേരിൽ കൂടുതൽ ഒത്തുചേരരുത്. മേൽപ്പറഞ്ഞ മേഖലകളിൽ സമരങ്ങൾ, പ്രകടനങ്ങൾ, പൊതുപരിപാടികൾ എന്നിവ കർശനമായി നിരോധിച്ചതായും ജില്ലാ കളക്ടർ അറിയിച്ചു.

സിവിൽ സപ്ലൈസ് വകുപ്പിന്റെ പൊതുവിതരണ കേന്ദ്രങ്ങൾ, എൽ.പി.ജി വിതരണം, സപ്ലൈകോ ഔട്ട്‌ലെറ്റുകൾ, റേഷൻ ഷോപ്പ് മുഖേനയുള്ള കിറ്റ് വിതരണം എന്നിവയെ നിയന്ത്രണങ്ങളിൽനിന്ന് ഒഴിവാക്കി.

# കോ-ഓപ്പറേറ്റീവ് സ്പിന്നിങ് മില്ലിൽ പുതിയ മെഷീനുകൾ പ്രവർത്തനമാരംഭിച്ചു

തൃശൂർ സഹകരണ സ്പിന്നിംഗ് മില്ലിൽ പുതിയതായി സ്ഥാപിച്ച 9216 പുതിയ സ്പിൻഡിലുകൾ പ്രവർത്തനമാരംഭിച്ചു. ആധുനിക മെഷീനുകളുടെ സ്വിച്ച് ഓൺ ചെയർമാൻ എം കെ കണ്ണൻ നിർവഹിച്ചു. പുതിയ മെഷിനുകൾ പ്രവർത്തിക്കുന്നതോടു കൂടി ഒരു സ്പിൻഡിലിൽ നിന്നും കുറഞ്ഞത് ഒരു ഗ്രാം ഉത്പാദനം വർധിപ്പിക്കാൻ കഴിയും. ഇതിലൂടെ ദിവസം 300 മുതൽ 400 കിലോഗ്രാം വരെ ആകെ ഉത്പാദനം വർധിപ്പിക്കുമെന്നും മാനേജിങ് ഡയറക്ടർ പി എസ് ശ്രീകുമാർ അറിയിച്ചു. മിൽ മാനേജർ അഷറഫ് പി കാദർ, ഫിനാൻസ് മാനേജർ ദിനു എസ് എസ്, ട്രേഡ് യൂണിയൻ നേതാക്കൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: കോപ്പറേറ്റീവ് സ്പിന്നിങ് മില്ലിൽ പുതിയ മെഷീനുകളുടെ പ്രവർത്തനം സ്വിച്ച് ഓൺ ചെയർമാൻ എം കെ കണ്ണൻ നിർവഹിക്കുന്നു***

# ഇടപ്പള്ളി-കുറ്റിപ്പുറം നാലുവരിപ്പാത: ഭൂവുടമകൾ രേഖകൾ ഹാജരാക്കി

ദേശീയപാത 66-ൽ ഇടപ്പള്ളി-കുറ്റിപ്പുറം നാലുവരിപ്പാതയ്ക്കായി ഏറ്റെടുക്കുന്ന ഭൂമിയുടെ രേഖകൾ ഭൂവുടമകൾ ഹാജരാക്കി. രേഖകൾ ഹാജരാക്കാൻ ദേശീയപാത ഭൂമി ഏറ്റെടുക്കൽ വിഭാഗം നോട്ടീസ് നൽകിയിരുന്നു. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള ത്രീ ജി നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിലാണിത്. ഇത് പ്രകാരം പുന്നയൂർ, മണത്തല വില്ലേജുകൾക്കായി കൊടുങ്ങല്ലൂർ ടൗൺ ഹാളിൽ നടത്തിയ കൂടിക്കാഴ്ചയിലാണ് ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകളുമായി ഹാജരായത്. കോവിഡ് പെരുമാറ്റച്ചട്ടം പാലിച്ചായിരുന്നു കൂടിക്കാഴ്ച.

ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കടിക്കാട്, പുന്നയൂർ, കടപ്പുറം, മണത്തല, എടക്കഴിയൂർ, ഒരുമനയൂർ, ഏങ്ങണ്ടിയൂർ, തളിക്കുളം, നാട്ടിക, വലപ്പാട്, ചെന്ത്രാപ്പിന്നി, കയ്പമംഗലം, പെരിഞ്ഞനം, പാപ്പിനിവട്ടം, കൂളിമുട്ടം, പനങ്ങാട്, ആല, ലോകമലേശ്വരം, മേത്തല എന്നീ 19 വില്ലേജുകളിലെ ഭൂമിയുടെ രേഖകളാണ് ആദ്യഘട്ടത്തിൽ പരിശോധിക്കുന്നത്. രേഖകൾ പരിശോധിച്ച് അംഗീകരിക്കുന്നതിലൂടെ ഭൂമി ഏറ്റെടുക്കലിന്റെ മൂന്നാംഘട്ടം പൂർത്തിയാകും. ജില്ലയിലെ കടിക്കാടുമുതൽ മേത്തല വലിയപണിക്കൻ തുരുത്തുവരെ 63 കിലോമീറ്റർ ദൂരത്തിൽ 204.74 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. ഇതുമായി ബന്ധപ്പെട്ട എല്ലാ കേസുകളും ഹൈക്കോടതി തീർപ്പാക്കിയ സാഹചര്യത്തിൽ നടപടികൾ അതിവേഗതയിലാണ് നടന്നുവരുന്നത്.

# റീ ബിൽഡ് കേരള : മേലൂർ പഞ്ചായത്തിലെ 19 വീടുകളുടെ താക്കോൽ ദാനം 14 ന്

റീ ബിൽഡ് കേരളയുടെ ഭാഗമായി മേലൂർ പഞ്ചായത്ത് പാലപ്പിള്ളിയിൽ നിർമ്മിച്ച 19 വീടുകളുടെ താക്കോൽ ദാനം ആഗസ്റ്റ് 14ന് രാവിലെ 11 മണിക്ക് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ നിർവഹിക്കുമെന്ന് ബി.ഡി. ദേവസ്സി എം.എൽ.എ അറിയിച്ചു. ചാലക്കുടി താലൂക്കിലെ മേലൂർ വില്ലേജിലെ അനധികൃതമായി കൈയേറിയ 82 സെൻറ് റവന്യു പുറമ്പോക്കു ഭൂമി തിരിച്ചുപിടിച്ചാണ് റീ ബിൽഡ് കേരളയുടെ ഭാഗമായി 2018ലെ മഹാപ്രളയത്തിൽ വീട് നഷ്ടപ്പെട്ട 19 കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകുന്നത്.

മൂന്ന് സെന്റ് സ്ഥലത്ത് 400 ചതുരശ്ര അടി വിസ്തീർണമുള്ള വീടാണ് തെരെഞ്ഞെടുക്കപ്പെട്ട ഓരോ കുടുംബങ്ങൾക്കും നൽകുന്നത്. റീ ബിൽഡ് കേരളയുടെ ഭാഗമായി സംസ്ഥാനത്ത് പ്രളയ ദുരിതബാധിതർക്കായി നിരവധി വീടുകൾ നിർമ്മിച്ചു നൽകിയ ഫൈസൽ ആന്റ് ഷബാന ഫൗണ്ടേഷനാണ് അഞ്ച് ലക്ഷം രൂപ ചെലവുവരുന്ന ഓരോ വീടുകളും നിർമ്മിച്ചു നൽകുന്നത്.

19 ഗുണഭോക്താക്കൾക്കും സ്ഥലത്തിന്റെ പട്ടയവും അന്നേ ദിവസം വിതരണം ചെയ്യുമെന്ന് ചാലക്കുടി തഹസിൽദാർ ഇ.എൻ രാജു അറിയിച്ചു. ചുറ്റുമതിലും മറ്റ് അടിസ്ഥാന സൗകര്യങ്ങളും നിർമ്മിക്കുന്നതിന് എം.എൽ.എ.യുടെ മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും 10 ലക്ഷം രൂപയും, വൈദ്യുതി, വാട്ടർ കണക്ഷൻ, റോഡുകളുടെ നിർമ്മാണം എന്നിവയ്ക്കായി മേലൂർ ഗ്രാമപഞ്ചായത്ത് 16 ലക്ഷം രൂപയും അനുവദിച്ചിരുന്നു. കിഴക്കേ ചാലക്കുടി വില്ലേജിലെ 10 കുടുംബങ്ങളേയും, മേലൂർ, പടിഞ്ഞാറെ ചാലക്കുടി വില്ലേജുകളിലെ മൂന്ന് വീതം കുടുംബങ്ങളേയും, അളൂർ, മറ്റത്തൂർ, വെള്ളിക്കുളങ്ങര വില്ലേജുകളിലെ ഓരോ കുടുംബങ്ങളെയുമാണ് ജില്ലാ ഭരണ കൂടം തെരെഞ്ഞെടുത്ത് വീടുകൾ അനുവദിച്ചിട്ടുള്ളത്. കോവിഡ് പ്രോട്ടോ കോൾ പാലിച്ചുകൊണ്ടു നടത്തുന്ന ഉദ്ഘാടന ചടങ്ങിൽ ബി.ഡി. ദേവസ്സി എം.എൽ.എ, കളക്ടർ എസ് ഷാനവാസ്, മേലൂർ പഞ്ചായത്ത് പ്രസിഡന്റ് പി പി .ബാബു, ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.കെ ഷിജു, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

***ഫോട്ടോ അടിക്കുറിപ്പ് : റീ ബിൽഡ് കേരളയിൽ പണി പൂർത്തീകരിച്ച മേലൂർ പഞ്ചായത്ത് പാലപ്പിള്ളിയിലെ ഭവനങ്ങൾ***

## മുകുന്ദപുരം താലൂക്കിൽ 14 ക്യാമ്പുകളിലായി 52 കുടുംബങ്ങൾ

മുകുന്ദപുരം താലൂക്കിൽ മഴക്കെടുതിയെ തുർന്ന് 14 ക്യാമ്പുകളിലായി 52 കുടുംബങ്ങളെ പാർപ്പിച്ചു. നിലവിൽ 70 സ്ത്രീകളും, 59 പുരുഷന്മാരും, 32 കുട്ടികളും അടക്കം ആകെ 161 പേരെയാണ് ജനറൽ റിലീഫ് ക്യാമ്പുകളിൽ പാർപ്പിച്ചിട്ടുള്ളത്. ഇത് കൂടാതെ ക്വാറന്റൈനിൽ കഴിയുന്നവർക്കായി സജ്ജമാക്കിയിട്ടുള്ള മൂന്ന് ക്യാമ്പുകളിൽ ആകെ 28 പേരെയും വയോജനങ്ങൾക്കായുള്ള ക്യാമ്പുകളിൽ ആറ് പേരും, അംഗപരിമിതർക്കുള്ള ക്യാമ്പിൽ രണ്ടാളെയുമാണ് പാർപ്പിച്ചിട്ടുള്ളത്.

കല്ലൂരിലും കാട്ടൂരും രണ്ട് ക്യാമ്പുകൾ വീതവും കോട്ടനെല്ലൂർ, നെന്മണിക്കര, പറപ്പൂക്കര, പൊറത്തശ്ശേരി, തൊട്ടിപ്പാൽ, പൂമംഗലം, തൃക്കൂർ, ഇരിക്കാലക്കുട, കാറളം, വേലൂക്കം എന്നിവിടങ്ങളിലായി ഓരോ ക്യാമ്പുകളുമാണ് നിലവിലുള്ളത്. കാട്ടൂരിൽ റാഫേൽസ് സിബിഎസ്‌സി സ്കൂൾ, ചിറ്റിശ്ശേരി തണൽ ഓഡിറ്റോറിയം, തെക്കുമൂല യൂറോഫ്രെഷ്യ ബെഡ് സെന്റർ എന്നീ മൂന്ന് കേന്ദ്രങ്ങളിലാണ് ക്വാറന്റൈനിൽ കഴിയുന്നവർക്കായി ക്യാമ്പുകൾ സജ്ജമാക്കിയിട്ടുള്ളത്. ജലനിരപ്പ് വർധിച്ച് വന്നിരുന്ന കാറളം, കാട്ടൂർ പഞ്ചായത്തിൽ നീരൊഴുക്ക് സുഗമമായിട്ടുണ്ട്. എന്നാൽ പറപ്പൂക്കര, തൊട്ടിപ്പാൾ മേഖലകളിലായി ജലനിരപ്പ് കാര്യമായി കുറഞ്ഞിട്ടുമില്ല.

## മജീദിന്റെ കുടുംബത്തിന് അഞ്ച് ലക്ഷം നൽകും

കുരിയച്ചിറ അറവുശാലയിൽ കിണറിലെ മോട്ടോർ ശരിയാക്കുന്നതിനിടെ അപകടത്തിൽപ്പെട്ട് മരിച്ച ജീവൻ നഷ്ടപ്പെട്ട മജീദിന്റെ കുടുംബത്തിന് അഞ്ച് ലക്ഷം രൂപ ധനസഹായം നൽകാൻ കോർപറേഷൻ കൗൺസിൽ യോഗം തീരുമാനിച്ചു. മജീദിനെ സ്വന്തം ജീവൻ പോലും പണയപ്പെടുത്തി ആഴക്കിണറിലേക്ക് എടുത്തു ചാടി രക്ഷിക്കാൻ ശ്രമിച്ച ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ നിസാറിനെ കോർപ്പറേഷൻ കൗൺസിൽ ആദരിച്ചു.

## കോർപറേഷനിൽ പ്രളയ പ്രതിരോധ സേനന: മന്ത്രി സല്യൂട്ട് സ്വീകരിച്ചു

തൃശൂർ കോർപ്പറേഷൻ സജ്ജമാക്കിയ പ്രളയപ്രതിരോധ സേനയുടെ പരേഡിൽ കൃഷിവകുപ്പ് മന്ത്രി വി.എസ്. സുനിൽകുമാർ സല്യൂട്ട് സ്വീകരിച്ചു. സംസ്ഥാനത്തെ ആദ്യത്തെ പ്രളയപ്രതിരോധ സേന രൂപീകരിച്ച തൃശൂർ കോർപ്പറേഷനെയും ഇതിനായി പ്രവർത്തിക്കാൻ സന്നദ്ധരായ ചെറുപ്പക്കാരായും മന്ത്രി അഭിനന്ദിച്ചു. മേയർ അജിത ജയരാജൻ, ഡെപ്യൂട്ടി മേയർ റാഫി ജോസ് പി., സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാന്മാർ, ഡി.പി.സി. മെമ്പർ വർഗ്ഗീസ് കണ്ടംകുളത്തി, മുൻമേയർ അജിത വിജയൻ, കൗൺസിലർമാർമാരായ അനൂപ് ഡേവിസ് കാട, സതീഷ് ചന്ദ്രൻ തുടങ്ങിയവർ സംബന്ധിച്ചു.

## സമ്പൂർണ കുടിവെള്ള പദ്ധതി: ആഗസ്റ്റ് 20 വരെ അപേക്ഷിക്കാം

തൃശൂർ കോർപറേഷൻ സമ്പൂർണ കുടിവെള്ള പദ്ധതിയുടെ ഭാഗമായി എല്ലാ വീടുകളിലും വാട്ടർ കണക്ഷൻ നൽകുന്നതിന് അപേക്ഷ നൽകേണ്ട അവസാന തീയതി ആഗസ്റ്റ് 20 വരെ നീട്ടി. കോവിഡ് പശ്ചാത്തലത്തിലും പ്രളയക്കെടുതി മൂലവും പൊതുജനങ്ങൾ ബുദ്ധിമുട്ടുന്നതിലാണിത്.

## ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചു

നടത്തറ ഗ്രാമപഞ്ചായത്തിൽ മഴക്കെടുതി നേരിടാൻ പഞ്ചായത്ത് തല ദുരന്ത നിവാരണ കമ്മിറ്റി ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചു. അടിയന്തര ഘട്ടങ്ങളിൽ താഴെപ്പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാമെന്ന് നടത്തറ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് അഡ്വ. പി ആർ രജിത്ത് അറിയിച്ചു. പി ആർ രജിത് പ്രസിഡന്റ്-9496046068, 9745603008, കെ. പി അനിൽ സെക്രട്ടറി -9496046069, 9495604590, വിശാൽ ഇ വാസുദേവ് ക്ലാർക്ക് -9567838109, 9074738910.

## ടെൻഡർ നോട്ടീസ്

പീച്ചി ആക്ഷൻ പ്ലാൻ 2020 - 21 പദ്ധതിയിലുൾപ്പെടുത്തി പീച്ചി ഹാച്ചറിയുടെ പദ്ധതി പ്രവർത്തനങ്ങൾക്കായി പോളിത്തീൻ ബാഗ് വിതരണം ചെയ്യുന്നതിന് അംഗീകൃത സ്ഥാപനങ്ങൾ/ഏജൻസികൾ/ഡീലർമാരിൽ നിന്നും ടെൻഡർ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും ലഭിക്കും. ടെൻഡർ സ്വികരിക്കുന്ന അവസാന തീയതി സെപ്റ്റംബർ ഏഴ്.

## വിനു സി കുഞ്ഞപ്പൻ
## കോർപ്പറേഷൻ സെക്രട്ടറി

തൃശൂർ കോർപ്പറേഷൻ സെക്രട്ടറിയായി വിനു സി കുഞ്ഞപ്പൻ ചുമതലയേറ്റു. സെക്രട്ടറി പി രാധാകൃഷ്ണന് ഫിനാൻസ് കമ്മീഷൻ ജോയിൻറ് ഡയറക്ടർ ആയി സ്ഥാനകയറ്റം ലഭിച്ചതിനെ തുടർന്നാണ് അഡീഷണൽ സെക്രട്ടറിയായിരുന്ന വിനോദ് സി കുഞ്ഞപ്പൻ കോർപ്പറേഷൻ സെക്രട്ടറിയായി ചുമതലയേറ്റത്.

## നഗരത്തിൽ സമ്പൂർണ കുടിവെള്ള കണക്ഷൻ നൽകും

നഗരത്തിൽ പൂർണ്ണമായും കുടിവെള്ളം എത്തിക്കുന്നതിന്, നാൽപ്പതിനായിരം വീടുകളിൽ കൂടി കുടിവെള്ള കണക്ഷൻ എത്തിക്കാൻ കോർപ്പറേഷൻ കൗൺസിൽ യോഗം തീരുമാനിച്ചു.

ആദ്യഘട്ടത്തിൽ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 800 പേർക്ക് സൗജന്യ കണക്ഷൻ നൽകും. രണ്ടാംഘട്ടത്തിൽ പട്ടികജാതി പട്ടികവർഗത്തിൽ പെട്ടവർ, മിച്ചഭൂമിയിൽ താമസിക്കുന്നവർ, ലക്ഷംവീട് കോളനി, നാല് സെൻറ് കോളനി, സർക്കാർ ഭവന പദ്ധതിയിൽ ഉൾപ്പെട്ടവർ തുടങ്ങിയവർക്ക് സൗജന്യമായി കുടിവെള്ള കണക്ഷൻ നൽകും. മൂന്നാംഘട്ടത്തിൽ ബാക്കിയുള്ളവർക്ക് 5000 രൂപ വീതം സബ്സിഡി നൽകുന്നതിനും കൗൺസിൽ തീരുമാനിച്ചു.

അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 1200 പേർക്ക് ഇതിനകം കുടിവെള്ള കണക്ഷൻ ലഭ്യമാക്കി കഴിഞ്ഞു. ബാക്കി വരുന്ന 800 പേർക്കാണ് കുടിവെള്ളം ലഭ്യമാക്കുക. ഫെഡറൽ ബാങ്കിന്റെ സിഎസ്ആർ ഫണ്ടിൽ നിന്ന് ഒന്നര കോടി രൂപയാണ് 3000 പേർക്ക് കുടിവെള്ള കണക്ഷൻ നൽകാനായി ലഭ്യമാക്കിയിട്ടുള്ളത്. ബാക്കിവരുന്ന മുഴുവൻ പേർക്കും കോർപ്പറേഷൻ തനത് ഫണ്ടിൽ നിന്നും തുക ചിലവഴിച്ച് വാട്ടർ കണക്ഷൻ നൽകും എന്നും മേയർ അജിത ജയരാജൻ അറിയിച്ചു.

ഭൂരഹിതരായവർക്ക് സ്വന്തമായി മൂന്ന് സെൻറ് സ്ഥലം നൽകി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമിച്ചു നൽകും. ഭവനരഹിതരുടെയും ഭൂരഹിതരുടെയും അംഗീകൃത പട്ടികയിൽനിന്നാണ് സൗജന്യ ഭൂമിക്ക് അർഹരായവരെ കണ്ടെത്തുക.

## അംഗൻവാടികൾക്ക് സ്മാർട്ട് ടി.വി നൽകി

കൊണ്ടാഴി പഞ്ചായത്തിലെ വിദ്യാർഥികൾക്ക് ഓൺലൈൻ പഠന സൗകര്യം ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി സ്മാർട്ട് ടിവികൾ നൽകി. 21 അംഗൻവാടികൾക്ക് അനുവദിച്ച സ്മാർട്ട് ടി.വി. വിതരണോൽഘാടനം യു.ആർ പ്രദീപ് എം.എൽ.എ നിർവഹിച്ചു. കെ.എസ്.എഫ്.ഇ വിഹിതമായ 2,10,000 രൂപയും എം.എൽ.എയുടെ പ്രത്യേക വികസന നിധിയിൽനിന്ന് 1,44,332 രൂപയും ചേർത്താണ് തുക കണ്ടെത്തിയത്.

ചടങ്ങിൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി. ആർ വിശ്വനാഥൻ അദ്ധ്യക്ഷനായി. മെമ്പർമാരായ പ്രിയംവദ കെ. കെ, ബിബിൻ കുമാർ, സത്യഭാമ, രവീന്ദ്രൻ, എം.പി ഗോവിന്ദൻകുട്ടി, ആസൂത്രണ സമിതി അധ്യക്ഷൻ കൃഷ്ണകുമാർ മാസ്റ്റർ, പി.വി. രാമസ്വാമി എന്നിവർ സംസാരിച്ചു.

# വെള്ളാനിക്കര സി.എച്ച്.സി
# കെട്ടിടസമുച്ചയ നിർമാണോദ്ഘാടനം 13 ന്

ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിലെ വെള്ളാനിക്കര സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ രണ്ടാംഘട്ട കെട്ടിട സമുച്ചയ നിർമാണോദ്ഘാടനം ആഗസ്റ്റ് 13ന് രാവിലെ 11 മണിക്ക് ഗവ ചീഫ് വിപ് അഡ്വ. കെ രാജൻ നിർവഹിക്കും. കെ. രാജന്റെ ആസ്തി വികസന ഫണ്ടിൽ നിന്നുള്ള 50 ലക്ഷം രൂപ ഉപയോഗിച്ചാണ് കെട്ടിടം നിർമ്മിക്കുന്നത്. ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ഐ എസ് മാദേവി അധ്യക്ഷയാകും. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് മുഖ്യാതിഥിയാകും.

# കുടിവെള്ളപദ്ധതി നിർമ്മാണോദ്ഘാടനം നടത്തി

തിരുവില്ലാമല പഞ്ചായത്തിലെ പാമ്പാടി കൊല്ലക്കു കുടിവെള്ള പദ്ധതിയുടെ നിർമ്മാണോദ്ഘാടനം യു.ആർ. പ്രദീപ് എംഎൽഎനിർവഹിച്ചു. എംഎൽഎയുടെ ആസ്തിവികസന ഫണ്ടിൽനിന്ന് 22 ലക്ഷം രൂപ ഇതിന് അനുവദിച്ചിരുന്നു. ചടങ്ങിൽ തിരുവില്ലാമല ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് എം ആർ മണി അധ്യക്ഷനായി.